പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

തൊഴിലുറപ്പ് പദ്ധതിയിൽ സോഷ്യൽ ഓഡിറ്റ്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 7308

14.07.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി.പി.മുഹമ്മദ്<br>,, ബെന്നി ബെഹനാൻ<br>,, പി.എ.മാധവൻ<br>,, ഷാഫി പറമ്പിൽ | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | തൊഴിലുറപ്പ് പദ്ധതിയിൽ സോഷ്യൽ ഓഡിറ്റ് ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വിശദമാക്കുമോ ; | (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ വകുപ്പ് 17 ഉപവകുപ്പ് (2) പ്രകാരം, പദ്ധതിയുടെ എല്ലാ പ്രവൃത്തികളും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇതനുസരിച്ച് 2007 ഒക്ടോബർ 31-ാം തീയതി സംസ്ഥാന സർക്കാർ ഗ്രാമപഞ്ചായത്തുകളിൽ സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള രീതിശാസ്ത്രം രൂപീകരിക്കുകയും അതനുസരിച്ച് സോഷ്യൽ ഓഡിറ്റ് നടപ്പിലാക്കുകയുമാണ്. |
| (ബി) | ഇതിനായി സോഷ്യൽ ഓഡിറ്റിംഗ് സൊസൈറ്റി രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | സോഷ്യൽ ഓഡിറ്റ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്. തൊഴിലുറപ്പ് പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ തൊഴിൽ ഉറപ്പാക്കുന്നതിനുള്ള എല്ലാ വ്യവസ്ഥകളുടെയും തൊഴിലാളികൾക്ക് ലഭ്യമാകേണ്ട മിനിമം അവകാശങ്ങളുടെയും നിയമത്തിൻ കീഴിൽ വരുന്ന എല്ലാ ചെലവുകളുടെയും നിർവ്വഹണം സംബന്ധിച്ച ഘടകങ്ങൾ ഉൾപ്പെടുത്തികൊണ്ട്, നിയമം അനുശാസിക്കുന്ന രീതിയിൽ, ആറ്മാസത്തിലൊരിക്കൽ സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്ന സ്വതന്ത്ര സോഷ്യൽ ഓഡിറ്റ് സംവിധാനം രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (സി) | പദ്ധതിയിലെ സോഷ്യൽ ഓഡിറ്റിനായി എന്തെല്ലാം കാര്യങ്ങളാണ് സൊസൈറ്റിയുടെ പ്രവർത്തനത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ; | (സി) | അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഡി) | സൊസൈറ്റി രൂപീകരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ഡി) | സൊസൈറ്റി രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം.

i. സോഷ്യൽ ഓഡിറ്റർമാരായി പ്രാദേശിക യുവജനങ്ങളെ കണ്ടെത്തലും പരിശീലിപ്പിക്കലും

ii. സോഷ്യൽ ഓഡിറ്റ് ടീമിന് രേഖകൾ (മസ്റ്റർ റോളുകൾ, എം.ബുക്കുകൾ, വേതനം നൽകിയതു സംബന്ധിച്ച രേഖകൾ എന്നിവ) സൗജന്യമായി ലഭ്യമാക്കുക

iii. നിർവ്വഹിച്ച പ്രവൃത്തിയുടെ ഉപയോഗയോഗ്യതയും (utility), ഉണ്ടായ നേട്ടവും (outcome) വിലയിരുത്തുക

iv. രേഖകൾ പ്രകാരം ഏറ്റെടുത്ത പ്രവൃത്തികളുടെ ചെലവിനങ്ങൾ എല്ലാ തുകവിതരണവും അവ കൃത്യമാണോ എന്നുള്ള തിട്ടപ്പെടുത്തൽ, ഓരോ പ്രവൃത്തിയും പ്രതീക്ഷിച്ച നേട്ടം കൈവരിച്ചിട്ടുണ്ടോ എന്ന പരിശോധന

v. പ്രവൃത്തിസ്ഥലത്ത് തൊഴിലാളികൾക്ക് അവകാശപ്പെട്ട സൗകര്യങ്ങൾ, അവകാശങ്ങൾ ലഭ്യമായിട്ടുണ്ടോയെന്നുള്ള വിലയിരുത്തൽ

vi. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ദുർബ്ബല ജനവിഭാഗങ്ങൾക്ക് ലഭിച്ചിട്ടുള്ള ആനുകൂല്യങ്ങളുടെയും പ്രയോജനങ്ങളുടെയും വിലയിരുത്തൽ

vii. സോഷ്യൽ ഓഡിറ്റർമാർ തങ്ങളുടെ കണ്ടെത്തലുകൾ പൊതുജന സമക്ഷം അവതരിപ്പിക്കുന്നതിനായി വാർഡ് തലത്തിൽ പബ്ലിക് ഹിയറിംഗുകൾ സംഘടിപ്പിക്കൽ.

viii. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്മേലുള്ള ചിട്ടയോടെയുള്ള തുടർനടപടികൾ, ധനദുർവിനിയോഗംമൂലം നഷ്ടപ്പെട്ട തുക വസൂലാക്കൽ, ക്രമക്കേടുകൾ നടത്തിയവർക്കെതിരെ ഉചിതമായ അച്ചടക്ക/ക്രിമിനൽ ചട്ടപ്രകാരമുള്ള നടപടികൾ എന്നിവ സോഷ്യൽ ഓഡിറ്റ് നടത്തിയ തീയതി മുതൽ 6 മാസത്തിനുള്ളിൽ പൂർത്തീകരിക്കൽ.

Dry